## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1817 — 15/07/2016-ൽ മറുപടിക്ക്

## പട്ടിക വർഗ്ഗ വികസന വകുപ്പിലെ ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.റ്റി. ബൽറാം : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക വർഗ്ഗ വികസന വകുപ്പിലെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസർ (റ്റി.ഇ.ഒ) മാർക്ക് ആദിവാസി സെറ്റിൽമെന്റുകളിൽ എത്തിച്ചേരുന്നതിന് യാതൊരു യാത്രാ സൗകര്യവും ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | റ്റി.ഇ.ഒ-മാർക്ക് യാത്രാ സൗകര്യം ഉറപ്പുവരുത്തുന്നതിന് ഇരുചക്ര വാഹനങ്ങൾ വാങ്ങി നൽകുന്നതിനായി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | ബി) & സി) | റ്റി.ഇ.ഒ-മാർക്ക് യാത്രാ സൗകര്യം ഉറപ്പുവരുത്തുന്നതിന് ഇരുചക്ര വാഹനങ്ങൾ വാങ്ങി നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| സി) | പ്രസ്തുത പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം തന്നെ അടിയന്തരമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ